DESPATCHED
On..21/2/19....

Lalith Babu www.rtiexpert.com


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in


**ഹർജി നമ്പർ A.P. No.1650(1)/2018/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7456/എസ്.ഐ.സി-ജി 4/2018)

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.കെ.തോമസ്,
കല്ലുവാതുക്കൽ ഹൗസ്,
ദേവിശ്രീ നഗർ,
കോലഴി,
തൃശ്ശൂർ – 680 010.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സേക്രട്ട് ഹാർട്ട് എൽ.പി.സ്കൂൾ,
തേവൻപാറ,
തോളിക്കോട് പി.ഒ.,
തിരുവനന്തപുരം – 695 541.

2. അപ്പീൽ അധികാരി &
അസി.എഡ്യൂക്കേഷൻ ഓഫീസർ,
നെടുമങ്ങാട്,
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.04.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.06.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.07.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17.07.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ തോമസ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും നാളിതുവരെ ടിയാന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നാണ്.

2. 29.09.2018 തീയതി കമ്മീഷൻ മേൽപ്പടി അപ്പീൽ ഹർജിയിന്മേൽ 2–ാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു. ആയതു പ്രകാരം 2–ാം

ra

o/c

എതിർകക്ഷി 15.10.2018 തീയതിയായി സമർപ്പിച്ച റിപ്പോർട്ട് 08.11.2018 തീയതി കമ്മീഷൻ ഓഫീസിൽ ലഭിച്ചു.

3. 10.12.2018 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ച് നടത്തിയ ഹിയറിംഗിൽ 1-ാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

4. 1-ാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ്:

i. നെടുമങ്ങാട് താലൂക്ക് തോളിക്കോട് വില്ലേജ് പനക്കോട് കുറിയാത്തി ദേശത്തു പൗർണമി പറയരുവിളാകം വീട്ടിൽ ആന്റണി നാടാർ മകൻ ക്രിസ്തുദാസ് എന്നു വിളിക്കുന്ന ക്രിസ്തുദാസൻ സേക്രട്ട് ഹാർട്ട് എൽ.പി.സ്കൂൾ തേവൻപാറയിൽ ഏത് പദവിയിലാണ് ജോലി ചെയ്തത് എന്നും

ii. ടിയാന്റെ ശമ്പളത്തെ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്ന് പ്രസ്താവിച്ച് ഹർജിക്കാരൻ 2-ാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. കമ്മീഷൻ മുമ്പാകെ ഹാജരായ 1-ാം എതിർകക്ഷി ബോധിപ്പിച്ചത്, പരാമർശിത സ്കൂൾ ഒരു എയ്ഡഡ് സ്കൂളാണെന്നു ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി ബോധിപ്പിക്കുന്നുണ്ടെങ്കിലും ആയതിന്റെ കോപ്പി ഫയലിൽ ലഭ്യമല്ല എന്നും ആവശ്യമെങ്കിൽ ഹർജിക്കാരന് മറ്റൊരു മറുപടി നൽകുന്നതാണെന്നുമാണ്.

5. 2-ാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മേൽപ്പടി സ്കൂൾ സർക്കാർ അംഗീകാരമില്ലാത്ത ഒരു C.B.S.E School ആണെന്നും ആയതിനാൽ മേൽപ്പടി സ്കൂൾ സംബന്ധിച്ച് അപ്പീൽ അധികാരി നെടുമങ്ങാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ല എന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാമർശിത സ്കൂൾ സർക്കാരിൽ നിന്നും യാതൊരു ആനുകൂല്യവും കൈപ്പറ്റാത്ത അൺഎയ്ഡഡ് സ്കൂൾ ആണെന്നും ആയതു ഒരു പ്രൈവറ്റ് സ്ഥാപനമാണെന്നും കാണുന്നു. ടി സാഹചര്യത്തിൽ ടി സ്കൂൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത ഒരു



Lalith Babu www.rtiexpert.com

Lalith Babu www.rtiexpert.com

സ്ഥാപനമാണെന്നും കമ്മീഷന്നു ബോധ്യമാകുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി, ഇന്നേ ദിവസം 2018 ഡിസംബർ 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ

മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

ra